**പതിനാലാം കേരള നിയമസഭ**

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 791 **25.01.2018** - ലെ മറുപടിക്ക്

<u>അംബേദ്കർ ഗ്രാമം പദ്ധതി</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എ.പി. അനിൽ കുമാർ<br>ശ്രീ.പി.ടി. തോമസ്<br>ശ്രീ.വി.എസ്.ശിവകുമാർ<br>ശ്രീ.വി.ഡി.സതീശൻ | | **ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | അംബേദ്കർ ഗ്രാമം പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ; ഇതിലൂടെ ലക്ഷ്യമിടുന്നത് എന്താണെന്ന് അറിയിക്കുമോ; | (എ) | അടിസ്ഥാന സൗകര്യങ്ങൾ കുറഞ്ഞതും, നാൽപതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നതും വികസന പ്രവർത്തനങ്ങൾ ആവശ്യമുള്ളതുമായ രണ്ട് കോളനികളെ വീതം ഓരോ നിയോജക മണ്ഡലത്തിൽ നിന്നും എം.എൽ.എ-യ്ക്ക് തെരഞ്ഞെടുക്കാവുന്നതാണ്.<br>എം.എൽ.എ.യുടെ അദ്ധ്യക്ഷതയിൽ കോളനി നിവാസികളുടെ ഒരു യോഗം ചേരുകയും കോളനിക്കാവശ്യമായ പ്രവൃത്തികൾ തെരഞ്ഞെടുക്കുകയും ചെയ്യുന്നു. താഴെ പറയുന്ന പ്രവൃത്തികളിൽ കോളനിക്കാവശ്യമായവ തെരഞ്ഞെടുക്കാവുന്നതാണ്.<br>1. ഇന്റേണൽ റോഡ്/ഫുട്പാത്ത്<br>2. ആശയ വിനിമയ സൗകര്യം<br>3. കുടിവെള്ള സൗകര്യങ്ങൾ<br>4. ഡ്രെയിനേജ് സൗകര്യങ്ങൾ<br>5. വൈദ്യുതീകരണം/ വീടുകളിലേക്കുള്ള സോളാർ വൈദ്യുതീകരണം<br>6. സോളാർ തെരുവ് വിളക്ക്<br>7. സാനിട്ടേഷൻ<br>8. ഭവന പുനരുദ്ധാരണം<br>9. മാലിന്യ നിർമ്മാർജനം<br>10. പൊതുവായ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ/കളിസ്ഥലം മുതലായവ(സ്ഥലം ലഭ്യമാണെങ്കിൽ) |

| | | | |
|---|---|---|---|
| | | | 11. സംരക്ഷണ ഭിത്തി നിർമ്മാണം<br>12. ഇറിഗേഷൻ<br>13. അടുക്കളത്തോട്ടം<br>14. വരുമാനദായകപദ്ധതികളായ മൃഗസംരക്ഷണം/ഹോർട്ടികൾച്ചർ വീവിംഗ്/കരകൗശലം മുതലായവ (വനിതകൾക്കുള്ള സ്വയം തൊഴിൽ പദ്ധതി)<br>എസ്റ്റിമേറ്റിന്റെ 50% തുക ഏജൻസിക്ക് മുൻകൂറായി അനുവദിക്കുന്നതും ടി തുകയുടെ 75% ചെലവ് ചെയ്ത ബില്ലും അനുബന്ധ രേഖകളും ഹാജരാക്കുന്ന മുറയ്ക്ക് 30% തുകയും പ്രവൃത്തികൾ പൂർത്തിയാക്കി ഫൈനൽ ബില്ലും അനുബന്ധ രേഖകളും ഹാജരാക്കുന്ന മുറയ്ക്ക് ബാക്കി 20% തുകയും അനുവദിക്കുന്നു. പ്രവൃത്തികൾ ജില്ലാ നിർമ്മിതി കേന്ദ്രങ്ങൾ മുഖേനയാണ് നടപ്പിലാക്കുന്നത്. സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കുന്നതിന് ജില്ലാ നിർമ്മിതി കേന്ദ്രങ്ങൾക്ക് എന്തെങ്കിലും പരിമിതിയുള്ള പക്ഷം, സ്ഥലം എം.എൽ.എ നിർദ്ദേശിക്കുന്നുവെങ്കിൽ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി നല്ല രീതിയിൽ നിർവ്വഹിച്ച സർക്കാർ ഏജൻസികളെ നിർവ്വഹണ ഏജൻസികളായി നിയോഗിക്കാവുന്നതാണ്. കോളനികളുടെ സമഗ്ര വികസനമാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. |
| (ബി) | മുൻ സർക്കാരിന്റെ കാലത്ത് വിജയകരമായി നടപ്പിലാക്കിയ സ്വയംപര്യാപ്ത പട്ടികജാതി കോളനി പദ്ധതിക്ക് പകരമുള്ളതാണോ ഇതെന്ന് വ്യക്തമാക്കാമോ; | (ബി) | മുൻസർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ 216 സങ്കേതങ്ങൾ തെരഞ്ഞെടുത്തിരുന്നു. അതിൽ 211-ൽ മാത്രമാണ് പ്രവൃത്തിയാരംഭിച്ചത്. അതിൽ 30 എണ്ണം മാത്രമേ ഇതുവരെ പൂർത്തിയായിട്ടുള്ളൂ. ഈ പരിപാടിയുടെ പരിമിതികൾ തിരിച്ചറിഞ്ഞാണ് അംബേദ്കർ ഗ്രാമം പദ്ധതി ആരംഭിച്ചത്. സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ 50-ഓ അതിൽ കൂടുതലോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്ന കോളനികളെയാണ് പരിഗണിച്ചിരുന്നത്. എന്നാൽ അംബേദ്കർ ഗ്രാമ വികസന |

| | | | |
|---|---|---|---|
| | | | പദ്ധതിയിൽ 40-ഓ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്ന കോളനികളെയാണ് ഇതിനായി തെരഞ്ഞെടുക്കുന്നത്. സ്വയം പര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം വീട് റിപ്പയറിന് ഒരു വ്യക്തിക്കു പരമാവധി 50,000/- പ്രകാരം ഒരു കോളനിക്ക് പത്തു ലക്ഷം രൂപ വരെ മാത്രമേ വിനിയോഗിക്കാൻ കഴിയുമായിരുന്നുള്ളൂ. എന്നാൽ അംബേദ്കർ ഗ്രാമ പദ്ധതി പ്രകാരം തെരഞ്ഞെടുക്കുന്ന ഗുണഭോക്താക്കൾക്ക് ഒരു ലക്ഷം രൂപ വരെ വീട് റിപ്പയറിന് ചിലവഴിക്കാവുന്നതാണ്. കൂടാതെ വീട് റിപ്പയറിനുള്ള കോളനികളുടെ വിനിയോഗ പരിധി ഒഴിവാക്കിയിട്ടുമുണ്ട്. |
| (സി) | അംബേദ്കർ ഗ്രാമം പദ്ധതി ഏത് ഏജൻസി വഴിയാണ് നടപ്പിലാക്കുന്നത്; ഇതിനായി എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളത്; | (സി) | അംബേദ്കർ ഗ്രാമം പദ്ധതി അതാത് ജില്ലാ നിർമ്മിതി കേന്ദ്രങ്ങൾ മുഖേനയാണ് നടപ്പിലാക്കുന്നത്. ജില്ലാ നിർമ്മിതി കേന്ദ്രങ്ങൾക്ക് പദ്ധതി ഏറ്റെടുക്കുന്നതിൽ പരിമിതിയുണ്ടെങ്കിൽ എം.എൽ.എ യുടെ ശുപാർശയോടെ സ്വയംപര്യാപ്ത ഗ്രാമം നിർവ്വഹണ ഏജൻസികളിൽപ്പെട്ട സ്ഥാപനങ്ങളെയും പ്രവൃത്തി ഏല്പിക്കാവുന്നതാണ്. ഒരു നിയോജക മണ്ഡലത്തിൽ നിന്നും രണ്ട് കോളനികൾ വച്ച് 140 നിയമസഭാ മണ്ഡലങ്ങളിൽ നിന്ന് 280 കോളനികളെ തെരഞ്ഞെടുക്കുന്നതിനും ഒരോ കോളനിക്ക് ഓരോ കോടി രൂപ വച്ച് 280 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. |
| (ഡി) | വികസന പ്രവർത്തനങ്ങളിൽ സർക്കാരിന്റെ മേൽനോട്ടമുണ്ടായിട്ടും പല പട്ടികജാതി കോളനികളിലും ഇപ്പോഴും അടിസ്ഥാന സൗകര്യങ്ങൾ പോലും എത്തിയിട്ടില്ല എന്ന വസ്തുത പരിഗണിച്ച്, അംബേദ്കർ ഗ്രാമം പദ്ധതി കുറ്റമറ്റനിലയിലും അഴിമതിമുക്തമായും നടപ്പിലാക്കുവാനുള്ള ജാഗ്രത ഉണ്ടാകുമോ; വ്യക്തമാക്കുമോ? | (ഡി) | അംബേദ്കർ ഗ്രാമം പദ്ധതി കുറ്റമറ്റ നിലയിലും അഴിമതി മുക്തമായും നടപ്പിലാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്. എം.എൽ.എ യുടെ അദ്ധ്യക്ഷതയിൽ കോളനി നിവാസികളുടെ ഒരു യോഗം ചേർന്ന് സർക്കാർ അംഗീകരിച്ച പ്രവൃത്തികളിൽ കോളനിക്കാവശ്യമായവ പ്രവൃത്തികളുടെ മുൻഗണനാക്രമം നിശ്ചയിക്കുകയും ആയത് |

| | | | |
|---|---|---|---|
| | | | പ്രകാരം ഏജൻസി എസ്റ്റിമേറ്റ് തയ്യാറാക്കി പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ അംഗീകാരം ലഭിച്ചതിനു ശേഷം പദ്ധതി നിർവ്വഹണം ആരംഭിക്കാവുന്നതാണ്. ഓരോ ജില്ലയിലും ജില്ലാ പട്ടികജാതി വികസന ഓഫീസർ ടി കോളനികളിലെ പദ്ധതി നിർവ്വഹണം വിലയിരുത്തുകയും, ഭൗതിക പുരോഗതി വിലയിരുത്തുന്നതുമാണ്. എം.എൽ.എ ചെയർമാനും പട്ടികജാതി വികസന ഓഫീസർ കൺവീനറുമായുള്ള മോണിറ്ററിംഗ് കമ്മറ്റി വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ